സ്ഥാപിതം 1964

# സ്വതന്ത്രമണ്ഡപം

Independent Daily

പൂത്തോൾ, തൃശൂർ – 680004


## യൂറോപ്പിൽ ആണവഭീതി! ആണവായുധനയം മാറ്റി റഷ്യ, പൗരന്മാർക്ക് നാറ്റോ രാജ്യങ്ങളുടെ മുന്നറിയിപ്പ്

ഓസ്ലോ: റഷ്യ ആണവായുധം നയം മാറ്റിയതിന് പിന്നാലെ പൗരന്മാർക്ക് മുന്നറിയിപ്പുമായി യൂറോപ്യൻ രാജ്യങ്ങൾ. പല നാറ്റോ രാജ്യങ്ങളും തങ്ങളുടെ പൗരന്മാരോട് യുദ്ധസാഹചര്യമുണ്ടാകുമെന്ന് പ്രതീക്ഷിക്കണമെന്ന് ആവശ്യപ്പെട്ടു. യുദ്ധത്തിന് എങ്ങനെ തയ്യാറെടുക്കണമെന്ന് നിർദേശിക്കുന്ന ലഘുലേഖകൾ നാറ്റോ അംഗരാജ്യങ്ങൾ പൗരന്മാർക്ക് വിതരണം ചെയ്തതായാണ് വിദേശമാധ്യമങ്ങളെ ഉദ്ധരിച്ച് ഇന്ത്യാ ടുഡേ റിപ്പോർട്ട് ചെയ്തത്. ആണവയുദ്ധം പൊട്ടിപ്പുറപ്പെടുമെന്ന ഭയത്തിനിടയിൽ സ്വീഡൻ തങ്ങളുടെ പൗരന്മാരോട് സുരക്ഷിതരായിരിക്കണമെന്ന് ലഘുലേഖകളിൽ മുന്നറിയിപ്പ് നൽകിയതായി യുകെ മിറർ റിപ്പോർട്ട് ചെയ്യുന്നു.


സ്വതന്ത്രമണ്ഡപം

പത്രത്തിന്റ

ഓൺലൈൻസന്ദർശിക്കുക

Visit

Swathanthra Mandapam Online

www.swathanthramandapam.com



www.swathanthramandapam.com | വാള്യം: 59 | ലക്കം: 193 | 2024 നവംബർ 20 ബുധൻ | പേജ്: 2 | വില: 1 രൂപ | PHONE: 2384127, 2384558 | E-mail: smdaily03@yahoo.co.in


# തൊണ്ടിമുതൽ കേസ്; ആന്റണി രാജുവിന് തിരിച്ചടി; വിചാരണ നേരിടണമെന്ന് സുപ്രീം കോടതി

ഡൽഹി: തൊണ്ടിമുതൽ കേസിൽ മുൻമന്ത്രി ആന്റണി രാജുവിന് തിരിച്ചടി. കേസിൽ തുടർനടപടികളുമായി മുന്നോട്ടു പോകാമെന്നും ആന്റണി രാജു വിചാരണ നേരിടണമെന്നും സുപ്രീംകോടതി വിധിച്ചു. മയക്കുമരുന്ന് കേസിലെ പ്രതിയെ രക്ഷിച്ചുവെന്നാണ് ആന്റണി രാജുവിനെതിരേയുള്ള ആരോപണം.

1990 ലാണ് സംഭവം. അടിവസ്ത്രത്തിലൊളിപ്പിച്ച 61 ഗ്രാം ഹാഷിഷുമായി ഓസ്ട്രേലിയക്കാരൻ ആൻഡ്രൂ സാൽവദോർ സർവലി 1990 ഏപ്രിൽ 4ന് തിരുവനന്തപുരം വിമാനത്താവളത്തിൽ പിടിയിലാകുന്നു. തിരുവനന്തപുരം സെഷൻസ് കോടതിയിൽ കേസ് വിചാരണയ്ക്കെടുത്തു. ആന്റണി രാജു തന്റെ സീനിയർ സെലിൻ വിൽഫ്രഡുമായി ചേർന്ന് പ്രതിയുടെ വക്കാലത്തെടുത്തെങ്കിലും കേസ് തോറ്റു. 10 വർഷം തടവും ഒരുലക്ഷം രൂപ പിഴയും വിധിച്ച് തിരുവനന്തപുരം സെഷൻസ് ജഡ്ജി കെ.വി. ശങ്കരനാരായണൻ ഉത്തരവിറക്കി. എന്നാൽ തൊട്ടുപിന്നാലെ ഹൈക്കോടതിയിൽ അപ്പീൽ ഫയൽചെയ്തു.

പ്രഗത്ഭനായിരുന്ന കുഞ്ഞിരാമ മേനോൻ ആയിരുന്നു പ്രതിക്ക് വേണ്ടി വക്കാലത്തെടുത്തത്. കേസിൽ ഹൈക്കോടതി പ്രതിയെ വെറുതെവിട്ടു. പ്രതിയെ വെറുതെ വിടാൻ പ്രധാന കാരണമായി കോടതി ചൂണ്ടിക്കാട്ടിയത് കേസിലെ പ്രധാന തൊണ്ടിവസ്തുവായി പൊലീസ് ഹാജരാക്കിയ അടിവസ്ത്രം പ്രതിയുടേതല്ല എന്ന വാദമാണ്. അടിവസ്ത്രം പ്രതിക്ക് ഇടാൻ കഴിയില്ലെന്ന്, നേരിട്ട് അതിന് ശ്രമിച്ചുനോക്കി തന്നെ ഉറപ്പാക്കി ഹൈക്കോടതി. ഇതിന്റെ അടിസ്ഥാനത്തിൽ കോടതി പ്രതിയെ വെറുതെ വിട്ടു. തൊട്ടുപിന്നാലെ ആൻഡ്രൂ രാജ്യം വിട്ടു.



ഒസ്ട്രേലിയിലേക്ക് കടന്ന സാൽവദോർ സർവലി അവിടെ ഒരു കൊലക്കേസിൽ പെട്ടു. അവിടെ മെൽബൺ റിമാൻഡ് സെന്ററിൽ തടവിൽ കടക്കുമ്പോൾ ആൻഡ്രൂ, സഹതടവുകാരനോട് കേരളത്തിലെ കേസിൽ, അഭിഭാഷകന്റെയും കോടതിയിലെ ക്ലാർക്കിന്റെയും സഹായത്തോടെ അടിവസ്ത്രം മാറ്റി കുറ്റവിമുക്തനായ കാര്യം പറയുകയുണ്ടായി. സഹതടവുകാരൻ ഈ വിവരം കൊലക്കേസ് അന്വേഷിച്ച ഡിറ്റക്ടീവ് സംഘത്തിനോട് വിവരിക്കുന്നു. 1996 ജനുവരി 25 ന് രേഖപ്പെടുത്തിയ ഈ മൊഴി കാൻബറയിലെ ഇന്റർപോൾ യൂണിറ്റ് ഇന്ത്യയിലെ ഇന്റർപോൾ യൂണിറ്റായ സി.ബി.ഐക്ക് അയച്ചു. സി.ബി. ഐ ഡൽഹി ആസ്ഥാനത്തു നിന്നാണ് ഈ കത്ത് കേരളാ പോലീസിന് ലഭിക്കുന്നത്. ഈ കത്ത് കണ്ടെടുത്തതോടെ കേസിൽ കൃത്രിമം നടന്നുവെന്ന് ചൂണ്ടിക്കാട്ടി അന്വേഷണ ഉദ്യോഗസ്ഥനായ സി.ഐ. കെ.കെ. ജയമോഹൻ ഹൈക്കോടതി വിജിലൻസിന് പരാതി നൽകി. മൂന്നുവർഷത്തെ പരിശോധനയ്ക്കുശേഷം ഇക്കാര്യം അന്വേഷിക്കാൻ ഹൈക്കോടതി ഉത്തരവായി.

ആന്റണി രാജു, കോടതി ജീവനക്കാരനായ ജോസ് എന്നിവരായിരുന്നു ഒന്നും രണ്ടും പ്രതികൾ. ഇതിനിടെ ആന്റണി രാജു എം.എൽ.എ.യായി. 2005–ൽ കേസ് പുനരന്വേഷിക്കാൻ ഐ.ജി.യായിരുന്ന ടി.പി. സെൻകുമാർ ഉത്തരവിട്ടു. 2006–ൽ വഞ്ചിയൂർ കോടതിയിൽ കുറ്റപത്രം നൽകിയെങ്കിലും എട്ടുവർഷം കേസ് വെളിച്ചംകണ്ടില്ല. 2014–ൽ പ്രത്യേക ഉത്തരവിറക്കി കേസ് നെടുമങ്ങാട് കോടതിയിലേക്ക് മാറ്റി. വിചാരണയിൽ ആന്റണി രാജു ഹാജരാകാത്തതിനാൽ കേസ് നിരന്തരം മാറ്റിവെക്കേണ്ടിവരുന്നുവെന്നാണ് ആരോപണം. 22 തവണയാണ് കേസ് പരിഗണിച്ചത്.

## 'ഹമാസ് ഇനിയൊരിക്കലും പലസ്തീൻ ഭരിക്കില്ല'; ഗാസ സന്ദർശിച്ച് നെതന്യാഹു

ഗാസാസിറ്റി: യുദ്ധം തുടർന്നുകൊണ്ടിരിക്കെ, ഗാസയിൽ സന്ദർശനം നടത്തി ഇസ്രയേൽ പ്രധാനമന്ത്രി ബെഞ്ചമിൻ നെതന്യാഹു. ബുള്ളറ്റ് പ്രൂഫ് ജാക്കറ്റും ഹെൽമറ്റും ധരിച്ച്, ഗാസയിലെ കടത്തീരത്ത് നിന്നുകൊണ്ട് 'ഹമാസ് ഇനി മടങ്ങിവരില്ലെന്ന്' നെതന്യാഹു അവകാശപ്പെടുന്ന വീഡിയോ പുറത്തുവന്നു. അദ്ദേഹം തന്നെയാണ് വീഡിയോ എക്സിൽ പങ്കുവെച്ചത്.

യുദ്ധം അവസാനിച്ചാൽ ഹമാസ് ഇനിയൊരിക്കലും പലസ്തീൻ ഭരിക്കില്ലെന്നും ഹമാസിന്റെ സൈനിക ശേഷി ഇസ്രേയേൽസേന പൂർണമായി ഇല്ലാതാക്കിയെന്നും നെതന്യാഹു വീഡിയോയിൽ പറയുന്നുണ്ട്. ഗാസയിൽ കാണാതായ ഇസ്രയേലുകാരായ 101 ബന്ദികളെ കണ്ടെത്താനുള്ള ശ്രമം തുടരുമെന്ന് പറഞ്ഞ അദ്ദേഹം, തിരിച്ചെത്തുന്ന ഓരോരുത്തർക്കും 5മില്യൺ ഡോളർ പാരിതോഷികം നൽകുമെന്നും വാഗ്ദാനം ചെയ്തു. ബന്ദികളെ ഉപദ്രവിക്കാൻ തുനിയുന്നവരുടെ തലയിൽ രക്തം വീഴുമെന്നും അവരെ വേട്ടയാടിപിടികൂടുമെന്നും നെതന്യാഹു വീഡിയോയിലൂടെ മുന്നറിയിപ്പ് നൽകി.

ഇസ്രയേൽ സൈന്യത്തിന്റെ പ്രവർത്തനം നേരിട്ടറിയാനാണ് നെതന്യാഹു ഗാസയിലെത്തിയത് എന്നാണ് അന്തർദേശീയ മാധ്യമങ്ങൾ റിപ്പോർട്ടുചെയ്യുന്നത്. പ്രതിരോധമന്ത്രിയും സൈനിക മേധാവിയും അദ്ദേഹത്തോടൊപ്പം ഉണ്ടായിരുന്നു.

ഒരു വർഷത്തിലേറെയായി ഇസ്രയേലും ഹമാസും തമ്മിൽ യുദ്ധം നടക്കുന്ന ഗാസയിൽ 24 മണിക്കൂറിനിടെയുണ്ടായ ആക്രമണങ്ങളിൽ 50 പേരാണ് കഴിഞ്ഞദിവസം കൊല്ലപ്പെട്ടത്. ഇതോടെ ആകെ മരണം 43,972 ആയി. 1.04 ലക്ഷം പേർക്ക് പരിക്കേറ്റു.

## അധ്യാപികയെ ക്ലാസ് മുറിയിൽ കയറി കുത്തിക്കൊന്നു

ചെന്നൈ: വിവാഹാഭ്യർഥന നിരസിച്ചതിനു അധ്യാപികയെ ക്ലാസ് മുറിയിൽ കയറി കുത്തിക്കൊന്നു. തമിഴ്നാട്ടിലെ തഞ്ചാവൂരിലാണ് നാടിനെ നടുക്കിയ കൊലപാതകം. മല്ലിപ്പട്ടണം സ്വദേശി എം. രമണി (26) ആണ് മരിച്ചത്. ക്ലാസിൽ കുട്ടികളെ പഠിപ്പിക്കുന്നതിനിടെയാണ്കൊലപാതകം. മല്ലിപ്പട്ടണം സർക്കാർ ഹയർ സെക്കൻഡറി സ്കൂളിലെ തമിഴ് ടീച്ചറായിരുന്നു. സംഭവത്തിൽ പ്രതി എം. മദനെ (30) പൊലീസ് അറസ്റ്റ് ചെയ്തു. ഇയാളുടെ വിവാഹാഭ്യർഥന നിരസിച്ചതാണ് കൊലപാതകത്തിന് കാരണമെന്ന് പൊലീസ് പറയുന്നു.

# വോട്ട് രേഖപ്പെടുത്തി ഫഡ്നാവിസും അജിത്പവാറും



മുംബയ്: ബിജെപി നേതൃത്വം നൽകുന്ന മഹായുതി സഖ്യവും ശിവസേന (ഉദ്ദവ് താക്കറെ പക്ഷം), കോൺഗ്രസ്, എൻസിപി (ശരദ് പവാർ പക്ഷം) എന്നിവർ അടങ്ങിയ മഹാവികാസ് അഖാഡിയും തമ്മിലുള്ള വാശിയേറിയ പോരാട്ടമാണ് മഹാരാഷ്ട്ര നിയമസഭാ തിരഞ്ഞെടുപ്പിൽ നടക്കുന്നത്. ആദ്യ മണിക്കൂറുകളിൽ മുൻ തിരഞ്ഞെടുപ്പുകളെക്കാൾ കുറഞ്ഞപോളിംഗ് ആണ് കാണാനായത്. രാവിലെ 11 മണിവരെയുള്ള വിവരമനുസരിച്ച് സംസ്ഥാനത്ത് 16.61 ശതമാനം മാത്രമാണ് പോളിംഗ് നടന്നത്.

ഒരു ലക്ഷത്തോളം പോളിംഗ് സ്റ്റേഷനുകളിലായി 9.7 കോടി ജനങ്ങളാണ് ഇന്ന് സമ്മതിദാനാവകാശം വിനിയോഗിക്കുക. ഉപമുഖ്യമന്ത്രി ദേവേന്ദ്ര

### ജനങ്ങൾ കൂട്ടമായെത്തി വോട്ട് ചെയ്യണമെന്ന് ആഹ്വാനം ചെയ്ത് മഹാരാഷ്ട്രയിൽ നേതാക്കൾ

ഫഡ്നാവിസും കുടുംബവും നാഗ്പൂരിൽ തങ്ങളുടെ വോട്ട് രേഖപ്പെടുത്തി. ആർഎസ്എസ് തലവൻ മോഹൻ ഭഗവതും നാഗ്പൂരിൽ തന്റെ വോട്ട് രേഖപ്പെടുത്തി. ഉപമുഖ്യമന്ത്രി അജിത് പവാറും കുടുംബവും ബാരാമതി നിയമസഭാ മണ്ഡലത്തിൽ വോട്ട് ചെയ്തു. ബാരാമതിയിൽ തന്റെ വിജയം ജനങ്ങൾ ഉറപ്പാക്കുമെന്ന് പ്രതീക്ഷിക്കുന്നതായി അദ്ദേഹം മാദ്ധ്യമങ്ങളോട് പ്രതികരിച്ചു.

എൻസിപി നേതാവ് ശരദ്പവാറും സുപ്രിയ സുലെയും ബാരാമതിയിൽ തങ്ങളുടെ വോട്ട് രേഖപ്പെടുത്തി. മഹാരാഷ്ട്രയുടെ അഭിമാനം രക്ഷിക്കാൻ ജനങ്ങൾ കൂട്ടമായെത്തി വോട്ട് ചെയ്യണമെന്ന് കോൺഗ്രസ് അദ്ധ്യക്ഷൻ മല്ലികാർജ്ജുൻ ഖാർഗെ ആവശ്യപ്പെട്ടു. ക്രിക്കറ്റ് ഇതിഹാസം സച്ചിൻ ടെൻഡുൾക്കറും കുടുംബവും മുംബയിലാണ് തങ്ങളുടെ വോട്ട് രേഖപ്പെടുത്തിയത്.

ശിവസേനയിലും എൻസിപിയിലും പിളർപ്പുണ്ടായ ശേഷം നടക്കുന്ന ആദ്യ നിയമസഭാ തിരഞ്ഞെടുപ്പാണ് ഇത്തവണത്തേത്. 288 സീറ്റുകളുള്ള മഹാരാഷ്ട്ര നിയമസഭയിലേക്ക് നവംബർ 23ന് വോട്ടെണ്ണൽ നടക്കും. ഇപ്പോഴുള്ള സർക്കാരിന്റെ കാലാവധി 26ന് പൂർത്തിയാകുന്നതിനാൽ അതിനുമുൻപ് പുതിയ സർക്കാർ അധികാരത്തിൽ എത്തേണ്ടതുണ്ട്.

## പാലക്കാട് വോട്ടെടുപ്പ് മന്ദഗതിയിൽ; നഗരത്തിലെ ബൂത്തുകളിൽ പോളിങ് കുറവ്

പാലക്കാട്:ഒരു മാസത്തിലധികം നീണ്ട വാശിയേറിയ തെരഞ്ഞെടുപ്പ് പ്രചാരണങ്ങൾക്ക് ശേഷം പാലക്കാട് വിധിയെഴുതുമ്പോൾ വോട്ടെടുപ്പ് മന്ദഗതിയിൽ. ഉച്ച 12.45 മണി വരെ 34.60 ശതമാനമാണ് പോളിങ് രേഖപ്പെടുത്തിയത്.

പാലക്കാട് നഗരസഭ–35.43 ശതമാനം, പിരായിരി–36.41 ശതമാനം, മാത്തൂർ–35.48 ശതമാനം, കണ്ണാടി –34.56 ശതമാനം എന്നിങ്ങനെയാണ് ഏറ്റവും പുതിയ പോളിങ് ശതമാനം. ഗ്രാമപ്രദേശങ്ങളിലെ ബൂത്തുകളിൽ പോളിങ് ഉയരുമ്പോൾ നഗരങ്ങളിൽ താരതമ്യേന കുറവാണ്. പോളിങ് ആരംഭിച്ചത് മുതൽ ഗ്രാമങ്ങളിലെ പോളിങ് ബൂത്തുകളിൽ വോട്ടർമാരുടെ നീണ്ടനിര ദൃശ്യമാണ്.

അതിനിടെ, പിരായിരി ജി.എൽ.പി സ്കൂളിൽ രണ്ട് തവണ വോട്ടിങ് മെഷീൻ തകരാറിലായി. പരാതി ഉയർന്നതിനെ തുടർന്ന് തെരഞ്ഞെടുപ്പ് ഒബ്സർവർ ബൂത്തിലെത്തി പരിശോധന നടത്തി. വോട്ടിങ് മന്ദഗതിയിലായതിനാൽ അധികമായി ഒരു ഓഫീസറെ കൂടി നിയോഗിക്കണമെന്ന് ഷാഫി പറമ്പിൽ എം.പി ഒബ്സർവറോട് ആവശ്യപ്പെട്ടു. മെഷീൻ തകരാറിലായതിനെ തുടർന്ന് വോട്ടർമാരുടെ നീണ്ട നിരയാണുള്ളത്.

ഇടത് സ്വതന്ത്രൻ പി. സരിനും ഭാര്യയും വോട്ട് ചെയ്യാൻ എത്തിയ ബൂത്തിലാണ് തകരാർ കണ്ടെത്തിയത്. സാങ്കേതിക വിദഗ്ധർ എത്തി മെഷീൻ പരിശോധിച്ച് തകരാർ പരിഹരിച്ചു. 88–ാം ബൂത്തിൽ വോട്ടർമാരുടെ വലിയ നിര ദൃശ്യമായിരുന്നു.

പാലക്കാട്ടെ പിരായിരിയിൽ ഇരട്ട വോട്ടെന്ന് പരാതി ഉയർന്നു. വോട്ടർ പോളിങ് ബൂത്തിൽ എത്തിയപ്പോഴാണ് എൽ.ഡി.എഫ് ഏജന്റ് പരാതി ഉന്നയിച്ചത്. പിരായിരി ജി.എൽ.പി സ്കൂളിലെ ബൂത്തിലാണ് സംഭവം.

പ്രിസൈഡിങ് ഓഫീസറുടെ നിർദേശ പ്രകാരം വോട്ടറുടെ ഫോട്ടോ എടുത്ത ശേഷം സത്യവാങ്മൂലം എഴുതി വാങ്ങി. തുടർന്ന് വോട്ട് രേഖപ്പെടുത്താൻ തെരഞ്ഞെടുപ്പ് കമീഷൻ ഉദ്യോഗസ്ഥർ അനുവദിച്ചു. ഉച്ചക്ക് ശേഷം പോളിംഗ് കൂടുമെന്നാണ് കണക്കാക്കുന്നത്.




RNI No. 7675/1964, Edited, Printed & Published by A. Mohammed at Kairaly Printers for Chethana Printers, Thrissur-4



# ചാവക്കാട് കോടതിയുടെ സംവാദ ഉദ്ഘാടനം ചെയ്തു




ചാവക്കാട് : കേരള ഹൈക്കോടതി പദ്ധതിയായ സംവാദ ചാവക്കാട് കോടതിയിൽ ഉദ്ഘാടനം ചെയ്യ്തു. ജില്ലാ ലീഗൽ സർവീസ് അതോറിറ്റിയും, താലൂക്ക് ലീഗൽ സർവീസ് അതോറിറ്റിയും സംയുക്തമായി എട്ടാം ക്ലാസ് മുതൽ ഹയർ സെക്കന്ററി തലത്തിലുള്ള വിദ്യാർത്ഥികൾക്ക് കോടതികളുടെ പ്രവർത്തനത്തെയും നിയമ ബോധവൽക്കരിക്കുന്നതിനും വേണ്ടി വേണ്ടിയുള്ള പദ്ധതിയാണ് താലൂക്ക് ലീഗൽ സർവീസ് അതോറിറ്റി ചെയർമാനും, സ്പെഷ്യൽ ജില്ലാ പോക്സോ ജഡ്ജിയുമായ അന്യാസ് തയിൽ ഉദ്ഘാടനം ചെയ്തു. ചാവക്കാട് ബാർ അസോസിയേഷൻ പ്രസിഡന്റ് അഡ്വ അശോകൻ തേർളി അധ്യക്ഷത വഹിച്ചു. ചാവക്കാട് മജിസ്ട്രേറ്റ് സാരിഗ സത്യൻ, മുൻസിഫ് ഡോ അശ്വതി അശോക്, അഡ്വ അക്തർ അഹമ്മദ്, അഡ്വ സിജു മുട്ടത്ത്, അഡ്വ സി സുഭാഷ്കുമാർ, കെ ബി ഹരിദാസ്, വിനോദ് അകമ്പടി എന്നിവർ ആശംസ അർപ്പിച്ചു.

എം ആർ ആർ രാമൻ സ്ക്കൂൾ വിദ്യാർത്ഥികൾ സംവാദത്തിൽ പങ്കെടുത്തു. കോടതി നടപടികളെ കണ്ട് മനസലാക്കിട്ടിയിട്ടുള്ളതാണ്. തുടർന്ന് താലൂക്കിലുള്ള മറ്റ് സ്ക്കൂൾ വിദ്യാർത്ഥികളെയും മറ്റ് ദിവസങ്ങളിൽ സംവാദത്തിൽ പങ്കെടുപ്പിക്കും എന്ന് താലൂക്ക് ലീഗൽ സർവ്വീസ് സെക്രട്ടറി വിനോദ് വി നായർ സംഘാടക സമിതി അംഗങ്ങളായ സുപ്രിയ, ഷെറീന എന്നിവർ അറിയിച്ചു

## വാർത്താച്ചുരുക്കം

* മരത്താക്കര പീപ്പിൾസ് തീയറ്റർ തൃശൂർ 10 വാർഷികവും വെറൈറ്റി വോയ്സിന്റെ 5-ാം വാർഷികവും വിപുലമായ പരിപാടികളോടെ സാഹിത്യ അക്കാദമിയിൽ ആഘോഷിച്ചു.
* മുൻ മന്ത്രി കെ. പി. വിശ്വനാഥന്റെ സ്മരണക്കായുള്ള പ്രഥമ പുരസ്ക്കാരത്തിന് ഷാഫി പറമ്പിൽ എം പി അർഹനായി. കോർപ്പറേറ്റീവ് കോളേജ് - സ്കൂൾ വിദ്യാർത്ഥികൾക്കുള്ള വിശ്വപ്രതിപ പുരസ്ക്കാരത്തിന് ഐഷ നിഷാർ, നന്ദകിഷോർ എന്നിവർ അർഹരായ്.
* തൃശൂർ ജില്ലാ പ്രൈവറ്റ് ബസ്സ് ഓപ്പറേറ്റേഴ്സ് അസ്സോസിയേഷൻ 37 ജില്ലാ സമ്മേളനം അസ്സോസിയേഷൻ ഹാളിൽ നടന്നു. മന്ത്രി ആർ. ബിന്ദു ഉത്ഘാടനം ചെയ്തു.
* തൃശൂർ ദർശന സർവ്വീസ് സൊസൈറ്റി വിവധ സംഘടനകളുമായി സഹകരിച്ച് ഇരിങ്ങാലക്കുട ക്രൈസ്റ്റ് കോളേജ് മൈതാനത്ത് പാരാ അത്ലറ്റ് മീറ്റ് സംഘടിപ്പിച്ചു
* ഭിന്നശേഷികാർക്കായി പഞ്ചഗുസ്തി മത്സരം വീൽചെയർ വടംവലി മത്സരം എന്നിവയും സംഘടിപ്പിച്ചു. കാഴ്ച്ച പരിമിതരുടെ ദേശീയ വനിതാ ഫുട്ബോൾ ടൂർണമെന്റിൽ 3-ാം സ്ഥാനം കരസ്ഥമാക്കിയ ടീമിന് സ്വാകരണവും നൽകി.
* കേരളത്തിലെ പ്രധാന മൃഗാവകാശ സംഘടനകൾ സംയുക്ത സംഘടനയായി (സമസൃഷ്ടി) പ്രവർത്തിക്കാൻ തീരുമാനിച്ചതായി ഭാരവാഹികൾ അറിയിച്ചു.
* ശ്രീലതയുടെ നോവലായ 'ഗംഗ' പ്രകാശനം ചെയ്തു.
* ഓൾകേരള പെയ്ന്റ് ഡീലേഴ്സ് അസ്സോസിയേഷൻ ജില്ലാ സമ്മേളനം തൃശ്ശൂർ വ്യാപാരഭവൻഹാളിൽ നടന്നു.

## ഇന്ദിരാഗാന്ധിയുടെ ജന്മദിനം ആചരിച്ചു



ഇരിങ്ങാലക്കുട : ഇന്ത്യൻ നാഷണൽ കോൺഗ്രസ് ബ്ലോക്ക് കമ്മറ്റിയുടെ ആഭിമുഖ്യത്തിൽ മുൻ പ്രധാനമന്ത്രി ഇന്ദിരാ ഗാന്ധിയുടെ 107-ാം ജന്മദിനാചരണം രാജീവ് ഗാന്ധി മന്ദിരത്തിൽ പുഷ്പാർച്ചന , അനുസ്മരണം എന്നിവയോടെ നടന്നു. കെ. പി. സി.സി. മുൻ ജനറൽ സെക്രട്ടറി എം.പി. ജാക്സൺ ഉദ്ഘാടനം ചെയ്തു. ബ്ലോക്ക് കോൺഗ്രസ് കമ്മറ്റി പ്രസിഡണ്ട് സോമൻ ചിറ്റേത്ത് അധ്യക്ഷത വഹിച്ചു. ഡി. സി. സി. ജനറൽ സെക്രട്ടറി സോണിയ ഗിരി, നഗരസഭാധ്യക്ഷ മേരിക്കുട്ടി ജോയ്, മണ്ഡലം പ്രസിഡണ്ടുമാരായ സി. എസ്. അബ്ദുൽ ഹഖ് സാജു പാറേക്കാടൻ, കൗൺസിലർമാരായ ടി.വി. ചാർളി, മിനി സണ്ണി, മിനി ജോസ് ചാക്കോള, ജെയ്സൺ പാറേക്കാടൻ, ഒ.എസ്. അവിനാഷ്, യൂത്ത് കോൺഗ്രസ് മണ്ഡലം പ്രസിഡണ്ട് ജോമോൻ മണാത്ത്, കെ. വേണുഗോപാൽ, ബ്ലോക്ക് - മണ്ഡലം ഭാരവാഹികൾ എന്നിവർ പങ്കെടുത്തു.

## വനിതാ കമ്മീഷൻ അദാലത്ത് നടത്തി

തൃശൂർ: കേരള വനിതാ കമ്മീഷൻ ചെയർപേഴ്സൺ പി. സതീദേവിയുടെ അധ്യക്ഷതയിൽ തൃശ്ശൂർ ടൗൺ ഹാളിൽ നടത്തിയ അദാലത്തിൽ 70 പരാതികൾ പരിഗണിച്ചു. 28 പരാതികൾ തീർപ്പാക്കി. 38 പരാതികൾ അടുത്ത അദാലത്തിൽ പരിഗണിക്കുന്നതിനായി മാറ്റിവെച്ചു. 4 പരാതികളിൽ കമ്മീഷൻ പോലീസിനോട് റിപ്പോർട്ട് ആവശ്യപ്പെട്ടു.

പുതിയതായി 3 പരാതികൾ സ്വീകരിച്ചു. വനിതാ കമ്മീഷൻ അംഗം അഡ്വ. ഇന്ദിര രവീന്ദ്രൻ, അഡ്വ. സജിത, അഡ്വ. ബിന്ദു മേനോൻ, കൗൺസിലർ മാല രമണൻ എന്നിവർ പങ്കെടുത്തു.


### കോടതി പരസ്യം

**ബഹു. ഇരിങ്ങാലക്കുട MACT മുമ്പാകെ**

IA: 3/2023, OP(MV): 492/2020

HDFC ERGO Gen. Ins. Co. Ltd

3rd Respondent/Petitioner

1) Shinaf, S/o. Faisal, Punnakkal House, Menon Bazar, P. O. Azhikode, Azhikode Village, Thrissur Dt. Pin-680566

- 1st Respondent

2) Semeena K.B., W/o. Basheer, Kuzhikanadathil House, P.O. Nattika Beach, Nattika Village, Thrissur Dt. Pin-680566

- 2nd Respondent

മേൽ നമ്പറിൽ എതൃകക്ഷിക്കുള്ള IA: 3/2023 നമ്പർ ഹരജിയിലെ നോട്ടീസ് കോടതിയിലും വാസസ്ഥലത്തും പതിച്ചു നടത്തുവാൻ അനുവദിച്ച് മേൽ നമ്പർ കേസ് **09-12-2024** തിയ്യതിയിലേക്ക് വെച്ചിട്ടുള്ളതാണ്. ആക്ഷേപം ഉള്ളവർ അന്ന് പകൽ 11 മണിക്ക് ബഹു. കോടതി മുമ്പാകെ ഹാജരായി ആക്ഷേപം ബോധിപ്പിക്കാത്തപക്ഷം നിങ്ങളെ കൂടാതെ മേൽ നമ്പർ കേസ് തീർപ്പ് കല്പിക്കുന്നതാണെന്ന് ഇതിനാൽ അറിയിച്ചുകൊള്ളുന്നു.

എന്ന്, 28-10-2024

3rd Respondent/ഹരജിക്കാരൻ ഭാഗം അഡ്വക്കെറ്റ്

**ബിനോയ് ബാലകൃഷ്ണൻ** (ഒപ്പ്)


# ജില്ലയിൽ ഡിസംബറിൽ വിപുലമായ വനഭൂമി പട്ടയ അദാലത്ത്

തൃശൂർ: ജില്ലയിലെ വനഭൂമി പട്ടയ വിഷയത്തിൽ അനുമതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ വേഗത്തിലാക്കുമെന്ന് മന്ത്രി കെ. രാജൻ. കളക്ടറേറ്റിൽ റവന്യൂ വകുപ്പ് ഉദ്യോഗസ്ഥരുടെ യോഗത്തിൽ സംസാരിക്കുകയായിരുന്നു മന്ത്രി. വനം, റവന്യൂ സംയുക്ത പരിശോധനാ റിപ്പോർട്ടും സംബന്ധിച്ച എല്ലാ നടപടിക്രമങ്ങളും പൂർത്തിയാക്കി പരിവേഷ് പോർട്ടൽ വഴി കേന്ദ്രത്തിന് സമർപ്പിക്കുന്നത് സമയബന്ധിതമാക്കും. ഓരോ ജില്ലകളിലേയും അപേക്ഷകൾ ഒരുമിച്ച് മാത്രമേ പോർട്ടലിൽ അപ്‌ലോഡ് ചെയ്യാവു എന്ന നിബന്ധന പുനപരിശോധിക്കാനുള്ള ഇടപെടൽ നടത്തും.

ഡിസംബറിനു മുൻപേ ശേഷിക്കുന്ന 3542 അപേക്ഷകളും കേന്ദ്രാനുമതിക്ക് അയയ്ക്കാനുള്ള നടപടികൾക്ക് സമയക്രമം തയ്യാറാക്കണമെന്ന് മന്ത്രി നിർദ്ദേശിച്ചു. 9366 അപേക്ഷകൾ ഇതിനകം റവന്യൂ വകുപ്പ് കേന്ദ്ര സർക്കാരിന് പോർട്ടലിലൂടെ സമർപ്പിച്ചിരുന്നു. കേന്ദ്ര അനുമതി വേഗത്തിൽ ലഭ്യമാക്കാൻ ആവശ്യമെങ്കിൽ കേന്ദ്രമന്ത്രിയെ ഒരിക്കൽക്കൂടി കാണുമെന്നും അദ്ദേഹം പറഞ്ഞു. കേന്ദ്ര അനുമതി ഉറപ്പാക്കിയ 261 അപേക്ഷകളിൽ പട്ടയം വിതരണം ചെയ്യുന്നതിനുള്ള നടപടികൾ അടിയന്തരമായി പൂർത്തീകരിക്കാൻ മന്ത്രി നിർദ്ദേശിച്ചു.

ജില്ലയിലെ വനഭൂമിയിൽ താമസിക്കുന്നവരുടെ പട്ടയ വിഷയം പതിറ്റാണ്ടുകളായി നിലനിൽക്കുന്നതാണ്. കഴിഞ്ഞ വർഷം ഡിസംബർ ഏഴിന് സംസ്ഥാന റവന്യൂ, വനം വകുപ്പ് മന്ത്രിമാർ കേന്ദ്ര വനം മന്ത്രിയുമായി നടത്തിയ ചർച്ചകൾക്ക് ശേഷമാണ് പുതിയ സംയുക്ത പരിശോധനയ്ക്കും പുതിയ സ്ഥലങ്ങൾ കണ്ടെത്തുന്നതിനും തീരുമാനമായത്. ഈ നടപടികൾക്ക് ശേഷം കേന്ദ്രാനുമതി ലഭിച്ച അപേക്ഷകളിൽ ഇനിയും രേഖകൾ സമർപ്പിച്ച് പട്ടയം സ്വീകരിക്കാത്തവർ ഉണ്ട്. ഇവരെ കണ്ടെത്തുന്നതിന് നാല് അദാലത്തുകൾ നടത്തുകയും തിരച്ചിൽ തുടരുകയുമാണ്. ഇക്കാര്യത്തിൽ വിപുലമായ ഒരു അദാലത്ത് കൂടി ഡിസംബറിൽ നടത്താനും യോഗത്തിൽ റവന്യൂ മന്ത്രി നിർദ്ദേശിച്ചു. എംഎൽഎമാരുടെ പട്ടയ ഡാഷ് ബോർഡ് വിഷയങ്ങളും വിവിധ സ്ഥാപനങ്ങളുടെ ഭൂമി സംബന്ധമായ അപേക്ഷളുടെ പുരോഗതിയും യോഗത്തിൽ പരിശോധിച്ചു.

ലാൻഡ് റവന്യൂ കമ്മിഷണർ ഡോ. എ. കൗശിഗൻ, ജില്ലാ കളക്ടർ അർജുൻ പാണ്ഡ്യൻ, റവന്യൂ മന്ത്രിയുടെ അഡീഷണൽ പ്രൈവറ്റ് സെക്രട്ടറി ജെ. മധു, എഡിഎം ടി. മുരളി, സബ് കളക്ടർ അഖിൽ വി. മേനോൻ, ഡപ്യൂട്ടി കളക്ടർ എം.സി ജ്യോതി, സ്പെഷൽ തഹസിൽദാർ (നമ്പർ 1) സി.എസ് രാജേഷ്, ഭൂരേഖാ തഹസിൽദാർ നിഷ എം. ദാസ്, വനഭൂമി തഹസിൽദാർ നാരായണൻകുട്ടി, തൃശ്ശൂർ താലൂക്ക് തഹസിൽദാർ ടി.വി ജയശ്രീ എന്നിവർ പങ്കെടുത്തു.

## നിര്യാതനായി

### ജിബു



തൃശൂർ: പറവട്ടാനി താണിക്കൽ കോങ്കണ്ടത്ത് (പരേതരായ റിട്ടയേർഡ് കെ എസ് എഫ് ഇ മാനേജർ) അഗസ്റ്റിൻ-ആലീസ് മകൻ ജിബു (50) നിര്യാതനായി. സംസ്കാര ശുശ്രൂഷ ഇന്ന് കാലത്ത് 10 മണിക്ക് 60 വിമല നാഥാ പള്ളിയിൽ നടത്തി. അമ്മ: പരേതയായ ആലിസ് അഗസ്റ്റിൻ. ഭാര്യ: ദീപ. മക്കൾ: അലൻ ജിബു, അലീന ജിബു. സഹോദരങ്ങൾ: ജിഷ ഷാജി, ജിയ അഗസ്റ്റിൻ.

## സമഗ്ര ജീവിതത്തിലേക്ക് നയിക്കാൻ യോഗ നല്ല മാർഗ്ഗം

കേച്ചേരി : മനുഷ്യന്റെ മാനസിക, ശാരീരിക, ആത്മീയ ശക്തികളുടെ സമന്വയം വഴി സമഗ്ര ജീവിതത്തിലേക്ക് നയിക്കാൻ യോഗ നല്ല മാർഗ്ഗമാണെന്ന് സാമൂഹിക പ്രവർത്തകൻ കരീം പന്നിത്തടം അഭിപ്രായപ്പെട്ടു.

കേച്ചേരി വ്യാപാരി കൂട്ടായ്മയുടെ കീഴിൽ വ്യാപാരി ഭവനിൽ സംഘടിപ്പിച്ച യോഗ പരിശീലന ക്യാമ്പ് ഉൽഘാടനം ചെയ്ത് പ്രസംഗിക്കുകയായിരുന്നു അദ്ദേഹം.

യോഗ കൺവീനർ ഷാജഹാൻ ഷാജി അദ്ധ്യക്ഷത വഹിച്ചു. യോഗ പരിശീലകൻ ഡോ: ഭാവ തങ്ങൾ മുഖ്യ പ്രഭാഷണം നടത്തി. കേച്ചേരി മഹല്ല് പ്രസിഡന്റ് മൊയ്തുട്ടി ഹാജി, വ്യാപാരി പ്രതിനിധികളായ ഗീവർ പി. വിൽസൺ, കെ.യു.ഷറഫുദ്ദീൻ, കോൺഗ്രസ്സ് മണ്ഡലം മുൻപ്രസിഡന്റ് എം.എം. ഷംസുദ്ദീൻ, മുസ്ലീംലീഗ് പഞ്ചായത്ത് സെക്രട്ടറി വി.യു.മുസ്തഫ,കരാട്ടമാസ്റ്റർ പുരുഷോത്തമൻ എന്നിവർ പ്രസംഗിച്ചു.

## ബ്ലോക്ക് കോൺഗ്രസ് കമ്മിറ്റിയുടെ നേതൃത്വത്തിൽ ഇന്ദിരാ ഗാന്ധി ജന്മദിനാചരണം നടത്തി



വടക്കാഞ്ചേരി : മുൻ പ്രധാന മന്ത്രി ഇന്ദിരാ ഗാന്ധിയുടെ 107-ാം ജന്മദിനം ബ്ലോക്ക് കോൺഗ്രസ് കമ്മിറ്റിയുടെ നേതൃത്വത്തിൽ സമുചിതമായി ആചരിച്ചു.

ഛായാചിത്രത്തിൽ പുഷ്പാർച്ചനയും അനുസ്മരണ യോഗവും നടത്തി. കെ.പി.സി.സി സെക്രട്ടറി രാജേന്ദ്രൻ അരങ്ങത്ത് ഉദ്ഘാടനം ചെയ്തു. പ്രസിഡന്റ് പി.ജി ജയദീപ് അധ്യക്ഷത വഹിച്ചു. എൻ.ആർ സതീശൻ, എസ്.എ.എ ആസാദ്, പി.എൻ വൈശാഖ്, ഡോ; റിഷി പൽപ്പു , ബുഷ്റ റഷീദ് , എൻ.ആർ രാധാകൃഷ്ണൻ, പി.എസ് രാധാകൃഷ്ണൻ, ജയൻ മംഗലം,വർഗീസ് വാകയിൽ, എന്നിവർ പ്രസംഗിച്ചു.

## അപേക്ഷ ക്ഷണിച്ചു

തൃശ്ശൂർ: കേന്ദ്രസർക്കാർ സംരംഭമായ ബിസിൽ ട്രെയിനിങ് ഡിവിഷൻ നടത്തുന്ന തൊഴിലധിഷ്ഠിത സ്കിൽ ഡിപ്ലോമ ഇൻ ലോജിസ്റ്റിക്സ് ആൻഡ് സപ്ലൈ ചെയിൻ മാനേജ്മെന്റ് കോഴ്സിലേക്ക് അഡ്മിഷൻ ആരംഭിച്ചു. പ്ലസ്ടു കഴിഞ്ഞവർക്ക് അപേക്ഷിക്കാം. ഒരു വർഷം, ആറുമാസം ദൈർഘ്യമുള്ള കോഴ്സുകളുടെ ഭാഗമായി ഇന്റേൺഷിപ്പും ലഭിക്കുന്നതാണെന്ന് ബിസിൽ ട്രെയിനിങ് ഡിവിഷൻ അറിയിച്ചു. ഫോൺ: 8304926081.

# വാർഡ് വിഭജനം; കരട് വിജ്ഞാപനമായി; ഇരിങ്ങാലക്കുട നഗരസഭയിൽ ഇനി 43 വാർഡുകൾ

ഇരിങ്ങാലക്കുട :കരട് വിജ്ഞാപനമായി, ഇരിങ്ങാലക്കുട നഗരസഭയിൽ ഇനി 43 വാർഡുകൾ. നിലവിലെ 41 വാർഡുകൾ 2011 ലെ സെൻസസ് അടിസ്ഥാനത്തിൽ പുതുക്കി നിശ്ചയിക്കുകയായിരുന്നു. വാർഡ് 1- മൂർക്കനാട്, വാർഡ് 2 - ബംഗ്ലാവ്, വാർഡ് 3 - കരുവന്നൂർ, വാർഡ് 4 - പീച്ചാംപിള്ളിക്കോണം, വാർഡ് 5- ഹോളിക്രോസ് സ്കൂൾ, വാർഡ് 6 - മാപ്രാണം, വാർഡ് 7 - മാടായിക്കോണം, വാർഡ് 8 - നമ്പ്യങ്കാവ്, വാർഡ് 9 - കുഴിക്കാട്ടുകോണം, വാർഡ് 10 - കാട്ടുങ്ങച്ചിറ, വാർഡ് 11- ആസാദ് റോഡ്, വാർഡ് 12 - ഗാന്ധിഗ്രാം നോർത്ത്, വാർഡ് 13 - ഗാന്ധിഗ്രാം, വാർഡ് 14 - ഗാന്ധിഗ്രാം ഈസ്റ്റ്, വാർഡ് 15 - മുനിസിപ്പൽ ഹോസ്പിറ്റൽ, വാർഡ് 16 - മടത്തിക്കര, വാർഡ് 17 - ചാലാംപാടം, വാർഡ് 18-ചന്തക്കുന്ന്, വാർഡ് 19 - സെന്റ് ജോസഫ്സ് കോളേജ്, വാർഡ് 20-ഷൺമുഖം കനാൽ, വാർഡ് 21 ചേലൂർ, വാർഡ് 22-മുനിസിപ്പൽ ഓഫീസ്, വാർഡ് 23 - ഉണ്ണായിവാര്യർ കലാനിലയം, വാർഡ് 24- പൂച്ചക്കുളം, വാർഡ് 25- കണ്ഠേശ്വര്യം, വാർഡ് 26- കൊരുമ്പിശ്ശേരി, വാർഡ് 27- കാരുകുളങ്ങര, വാർഡ് 28- കൂടൽമാണിക്യം, വാർഡ് 29- ബസ് സ്റ്റാൻഡ്, വാർഡ് 30- ആയുർവേദ ഹോസ്പിറ്റൽ, വാർഡ് 31- ക്രൈസ്റ്റ് കോളേജ്, വാർഡ് 32-എസ് എൻ നഗർ, വാർഡ് 33- ബ്ലോക്ക് പഞ്ചായത്ത് ഓഫീസ്, വാർഡ് 34-പള്ളിക്കാട്, വാർഡ് 35 - സിവിൽ സ്റ്റേഷൻ, വാർഡ് 36- കണ്ടാരംതറ, വാർഡ് 37- പൊറത്തിശ്ശേരി, വാർഡ് 38- മഹാത്മാ സ്കൂൾ, വാർഡ് 39-തളിയക്കോണം നോർത്ത്, വാർഡ് 40-കല്ലട, വാർഡ് 41-തളിയകോണം നോർത്ത്, വാർഡ് 42- പുത്തൻതോട്, വാർഡ് 43- പുറത്താട് എന്നിങ്ങനെയാണ് കരട് വിജ്ഞാപനത്തിലുള്ളത്. ആയുർവേദ ആശുപത്രി, ഗാന്ധിഗ്രാം നോർത്ത് എന്നിങ്ങനെയാണ് പുതിയ വാർഡുകളുടെ പേരുകൾ എങ്കിലും നിലവിലെ പല വാർഡുകളുടെയും അതിർത്തികളിലും മാറ്റം വരുത്തിയിട്ടുണ്ട്. തദ്ദേശസ്ഥാപന സെക്രട്ടറിമാർ തയ്യാറാക്കിയ വാർഡ് വിഭജന റിപ്പോർട്ടുകൾ ജില്ലാ കളക്ടർമാരും ഡിലിമിറ്റേഷൻ കമ്മീഷനും പരിശോധിച്ച ശേഷമാണ് സംസ്ഥാനത്ത് പഞ്ചായത്ത്, നഗരസഭ, കോർപ്പറേഷനുകൾ എന്നിവടങ്ങളിലെ വാർഡ് വിഭജനം സംബന്ധിച്ച കരട് വിജ്ഞാപനം പ്രസിദ്ധീകരിച്ചിരിക്കുന്നത്. ഡിസംബർ 3 വരെ കരട് വിജ്ഞാപനം സംബന്ധിച്ച ആക്ഷേപങ്ങളും അഭിപ്രായങ്ങളും സമർപ്പിക്കാവുന്നതാണെന്ന് അധികൃതർ അറിയിച്ചിട്ടുണ്ട്.




ശപത്ഥ് എഴുതിയ 31 മലയാളം പുസ്തകങ്ങളുടെ പ്രകാശനം സാഹിത്യകാരൻ വൈശാഖൻ നിർവഹിക്കുന്നു

## പുസ്തകപ്രസാദനം അടി തട പോലെ മാറുന്നത് അപകടം വൈശാഖൻ

തൃശൂർ: സാഹിത്യകാരൻ ശങ്കരപ്പണിക്കാരൻ തുളസിദാസ് (ശപത്ഥ് )എഴുതിയ മലയാള, നോവൽ, കഥ, നാടകം എന്നിവ ഉൾക്കൊള്ളുന്ന 31 പുസ്തകങ്ങളുടെ പ്രകാശനം നടന്നു. സാംസ്കാരിക അക്കാദമി സംഘടിപ്പിച്ച സാഹിത്യ സദസ്സിലായിരുന്നു പ്രകാശനം. സാഹിത്യകാരൻ വൈശാഖൻ ആദ്യ പുസ്തക പ്രകാശനം ചെയ്ത് ഉദ്ഘാടനം നിർവഹിച്ചു.

ജീവിതത്തിന്റെ അർത്ഥതലങ്ങളുടെ ആഴമുള്ള രചനകൾ ആണ് ഉണ്ടാകേണ്ടതെന്ന് വൈശാഖൻ അഭിപ്രായപ്പെട്ടു. പഴയ അടി തട സിനിമ പോലെ പുസ്തക പ്രസാദനം മാറുന്നത് അപകടകരമാണെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി.

സാംസ്കാരിക അക്കാദമി പ്രസിഡന്റ് പ്രസിഡന്റ് അഡ്വക്കേറ്റ് എ. ഡി ബെന്നി അധ്യക്ഷത വഹിച്ചു. കഥാകൃത്ത് വി ആർ സുധീഷ് മുഖ്യപ്രഭാഷണം നടത്തി. മോഹൻദാസ് പാറപ്പുറത്ത്, രാജൻ അലവത്തൂർ, ശങ്കരപ്പണിക്കർ തുളസീദാസ്, പി എസ് രവീന്ദ്രൻ. കെ ജി ജയപ്രകാശ്. മാധവിക്കുട്ടി തുടങ്ങിയവർ പ്രസംഗിച്ചു. 31 പുസ്തകങ്ങൾ 31 സാഹിത്യ സാംസ്കാരിക പ്രവർത്തകരാണ് പ്രകാശിപ്പിച്ചത്. തുളസീദാസ് രചിച്ച കേരള ഗാനത്തിന്റെ അവതരണവും ഉണ്ടായി

## വ്യാപാരി ജില്ലാ കൺവെൻഷൻ

കൊച്ചി: എറണാകുളം ജില്ലയിലെ വിവിധ സംഘടനാ നേതാ ക്കൾ കൺവെൻഷനിൽ പങ്കെടുക്കും. സംഘാടക സമിതി ചെയർമാൻ എ.കെ. വേണുഗോപാൽ (പറവൂർ) അദ്ധ്യക്ഷത വഹിക്കുന്ന യോഗത്തിൽ യുണൈറ്റഡ് മർച്ചന്റ്സ് ചേമ്പർ സംസ്ഥാന ജനറൽ സെക്രട്ടറി പി.എഫ്.ഫ്രാൻസിസ് (കണ്ണൂർ), യുണൈറ്റഡ് മർച്ചന്റ്സ് ചേമ്പർ സംസ്ഥാന ട്രഷറർ നിജാം ബക്ഷി (കൊല്ലം) തുടങ്ങിയ നേതാക്കളും വിവിധ സംഘടനാ നേതാക്കളും യോഗത്തിൽ സംസാ രിക്കുന്നു. കൺവീനർ തോമസ് കൊറശ്ശേരി (പള്ളുരുത്തി) സ്വാഗതവും ടി കെ.മൂസ്സ (കലൂർ) നന്ദിയും രേഖപ്പെടുത്തും.

## അമലയിൽ നാഷണൽ അനാട്ടമി വർക്ക് ഷോപ്പ്




തൃശൂർ: അമല ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസിന്റെ അനാട്ടമി വിഭാഗം നടത്തിയ നാഷണൽ വർക്ക്ഷോപ്പിന്റെ ഉദ്ഘാടനം അമല ഡയറക്ടർ റവ. ഫാ. ജൂലിയസ് അറക്കൽ സി. എം. ഐ നിർവഹിച്ചു. അസോസിയേറ്റ് ഡയറക്ടർ ഫാ. ആന്റണി മണ്ണുമ്മേൽ സി. എം. ഐ, പ്രിൻസിപ്പൽ ഡോ. ബെറ്റ്സി തോമസ്, മുൻ പ്രിൻസിപ്പൽ ഡോ. എൽ . വി സ്വർണം, അനാട്ടമി മേധാവി ഡോ. ലോല ദാസ് , അനാട്ടമി വിഭാഗം പ്രൊഫസർ ഡോ. എസ്. മോനിക്ക ഡയാന എന്നിവർ ആശംസകൾ അറിയിച്ചു.

കേരളത്തിനകത്തും പുറത്തുമുള്ള വിവിധ സർക്കാർ-പ്രൈവറ്റ് മെഡിക്കൽ കോളേജുകളിലെ മെഡിക്കൽ അധ്യാപകരും ബിരുദാനന്തര ബിരുദ വിദ്യാർത്ഥികളും പങ്കെടുത്തു.

ഏറ്റവും പുതിയ സാങ്കേതിക വിദ്യകളും ഡിജിറ്റൽ എംബാമിംഗ് തന്ത്രങ്ങളും പഠനപരിധികളായിരുന്ന വർക്ക്ഷോപ്പ് മികച്ച അറിവ് കൈമാറുന്നതിനുള്ള വേദിയായി മാറി. ഇ-പോസ്റ്റർ പ്രദർശനം, ബോഡി ആർട്ട് മത്സരം എന്നിവയും നടത്തി.


### കോടതി പരസ്യം

**ബഹു. തൃശൂർ മൂന്നാം അഡീഷ്ണൽ ജില്ലാ കോടതി മുമ്പാകെ**

GOP: 249/2024

1) തൃശൂർ താലൂക്ക്, അഞ്ഞൂർ വില്ലേജ്, ആറമ്പിള്ളി ദേശത്ത്, പി ഒ അഞ്ഞൂർ, മുണ്ടൂർ, പിൻ-680541, കണ്ടങ്ങത്ത് വീട്ടിൽ പരേതനായ പുഷ്പാകരൻ 39 വയസ് ഭാര്യ സുജിത കെ ജെ.

2) തൃശൂർ താലൂക്ക്,അഞ്ഞൂർ വില്ലേജ്, ആറമ്പിള്ളി ദേശത്ത്, പി ഒ അഞ്ഞൂർ, മുണ്ടൂർ, പിൻ-680541, കണ്ടങ്ങത്ത് വീട്ടിൽ പരേതനായ കുമാർ ഭാര്യ 77 വയസ് തങ്ക

- ഹരജിക്കാർ

1-ാം ഹരജിക്കാരി ഒന്നിച്ച് താമസം 1-ാം ഹരജിക്കാരിയുടെയും പരേതനായ പുഷ്പാകരൻ എന്നവരുടെയും മകൻ 11 വയസ് ജഗൻ കെ പി (BOB 3-10-2013)

-മൈനർ

ഹരജിക്കാരിയുടെയും കണ്ടങ്ങത്ത് വീട്ടിൽ പരേതനായ പുഷ്പാകരൻ എന്നവരുടെ മകനുമായ മൈനർ ജഗൻ കെ പി എന്നവർക്ക് മുണ്ടൂർ സബ്ബ് രജിസ്ട്ര് 28-05-2022ലെ 1508/1/2022-ാം നമ്പ്ര് ഭാഗ പത്രത്തിലെ പട്ടിക 2-ാം നമ്പ്ര് പ്രകാരം അഞ്ഞൂർ വില്ലേജ്, റീസർവ്വേ 6/8ൽ 2 ആർ 85 ച. മീറ്റർ വഹകളിൽ മൈനർക്കുള്ള 3ൽ 1 ഓഹരി അവകാശം മൈനർക്കു വേണ്ടി പ്രതിഫലം കൈപ്പറ്റി തീറു കൊടുക്കുന്നതിനും മറ്റും 1-ാംഹരജിക്കാരിക്ക് അനുവാദം നൽകുന്നതിനും വേണ്ടി ബോധിപ്പിച്ച മേൽ നമ്പർ ഹരജി **26-11-2024** തിയ്യതിക്ക് വിചാരണക്ക് വെച്ചിരിക്കുന്നു. ടി കാര്യത്തിൽ ആർക്കെങ്കിലും എന്തെങ്കിലും ആക്ഷേപം ഉണ്ടെങ്കിൽ അന്നേദിവസം രാവിലെ 11 മണിക്ക് ബഹു. കോടതി മുമ്പാകെ ഹാജരായി ബോധിപ്പിക്കേണ്ടതാണെന്നുള്ള വിവരം ഇതിനാൽ അറിയിക്കുന്നു.

എന്ന്, 20-11-2024

ഹരജിഭാഗം അഡ്വക്കെറ്റ്

**സി ടി ഷാജി** (ഒപ്പ്)


# ഇലക്ട്രിക് സ്കൂട്ടർ ഷോറൂമിന് തീപിടിച്ചു; യുവതി വെന്തുമരിച്ചു



ബെംഗളൂരു: ഡോ.രാജ്കുമാർ റോഡ് നവരംഗ് ബാർ ജംഗ്ഷനിലെ ഇലക്ട്രിക് സ്കൂട്ടർ ഷോറൂമിന് തീപിടിച്ച് ജീവനക്കാരി വെന്തുമരിച്ചു. രാമചന്ദ്രപുര സ്വദേശിനിയും ഷോറൂമിലെ അക്കൗണ്ടന്റുമായ പ്രിയ (20) ആണ് മരിച്ചത്. തീപിടിത്തത്തിൽ 45 ഇരുചക്ര വാഹനങ്ങൾ കത്തിനശിച്ചു.

ഇന്നലെ വൈകീട്ടായിരുന്നു സംഭവം. ഷോർട്ട് സർക്യൂട്ടിനെ തുടർന്ന് തീപടർന്നുവെന്നാണ് പ്രാഥമിക നിഗമനം. സ്കൂട്ടറിലെ ബാറ്ററി ചാർജ് ചെയ്യുമ്പോൾ പൊട്ടിത്തെറിക്കുകയും മറ്റുവാഹനങ്ങളിലേക്ക് പടരുകയും ചെയ്തുവെന്നാണ് റിപ്പോർട്ടുകൾ.

തീപിടിത്തമുണ്ടായപ്പോൾ ഷോറൂമിൽ ആറു ജീവനക്കാരാണുണ്ടായിരുന്നത്. ഈ സമയം പ്രിയ മറ്റൊരു റൂമിലായിരുന്നു. കനത്ത തീയും പുകയും നിറഞ്ഞതോടെ പ്രിയ അവിടെ കുടുങ്ങിപ്പോയി. അഗ്നിശമന സേനയെത്തി തീയണച്ചാണ് പ്രിയയുടെ മൃതദേഹം കണ്ടെടുത്തത്. രാത്രി ഏറെ വൈകിയാണ് തീ നിയന്ത്രണ വിധേയമാക്കാൻ സാധിച്ചത്.

സംഭവശേഷം ഷോറൂം ഉടമ ഒളിവിൽ പോയി എന്നാണ് പോലീസ് പറയുന്നത്. ഇയാൾക്കെതിരേകേസെടുത്ത് അന്വേഷണം ആരംഭിച്ചു.

## അഗ്നിപരീക്ഷകളെ അതിജീവിച്ച ധീര വനിത ഇന്ദിരാഗാന്ധി

### –തേറമ്പിൽ രാമകൃഷ്ണൻ



തൃശ്ശൂർ: പൊതു ജീവിതത്തിലും വ്യക്തി ജീവിതത്തിലും ഏറ്റവും അധികം അഗ്നിപരീക്ഷകളെഅതിജീവിച്ച ധീരവനിതയാണ് ഇന്ദിരാഗാന്ധിയെന്ന് മുൻ നിയമസഭസ്പീക്കർ തേറമ്പിൽരാമകൃഷ്ണൻ പറഞ്ഞു. രാജ്യത്തിന്റെ കെട്ടുറപ്പിന് ധീരമായ നിലപാടുകൾ സ്വീകരിക്കുകയും അതിലൂടെ സ്വജീവൻ വെടിയേണ്ടി വന്നതും ഒരുകാലത്തും ആർക്കും വിസ്മരിക്കാൻ കഴിയുന്നതല്ല. അതുകൊണ്ട്തന്നെയാണ് ലോകം അവരെ ഉരുക്കു വനിതയെന്ന് വിശേഷിപ്പിച്ചത് .ഡി സി സി യിൽ നടത്തിയ ഇന്ദിരാജിയുടെ 107 ാം ജന്മ വാർഷികദിനാഘോഷ ചടങ്ങ് ഉത്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു

തേറമ്പിൽ രാമകൃഷ്ണൻ. ഡി സി സി വൈസ് പ്രസിഡണ്ട്അഡ്വ ജോസഫ് ടാജറ്റ് അദ്ധ്യക്ഷതവഹിച്ച ചടങ്ങിൽ ടി വി ചന്ദ്രമോഹൻ, ജോസഫ് ചാലിശ്ശേരി,സുനിൽ അന്തിക്കാട്, ഐ പി പോൾ, സി ഒ ജേക്കബ്, നിജി ജസ്റ്റിൻ, കെ എച്ച് ഉസ്മാൻഖാൻ, കെ ഗോപാലകൃഷ്ണൻ, സിജോ കടവിൽ, ടി കെ പൊറിഞ്ചു, എം എസ്, ശിവരാമകൃഷ്ണൻ, കെ ബി ജയറാം, പി ശിവശങ്കരൻ, സുബി ബാബു, സജി പോൾ, മാടശ്ശേരി, കെ പി രാധാകൃഷ്ണൻ,ഫ്രാൻസിസ് ചാലിശ്ശേരി, സിജോ ജോർജ്, ഹരീഷ്, മോഹൻ, പി ഡി റപ്പായി എന്നിവർ പ്രസംഗിച്ചു.

## ജില്ലാ ഹോമിയോ ആശുപത്രിയിൽ നിയമനം

തൃശ്ശൂർ ജില്ലാ ഹോമിയോ ആശുപത്രിയിൽ ലാബ് അറ്റൻഡർ, ഫാർമസി അറ്റൻഡർ എന്നീ തസ്തികകളിൽ എച്ച്എംസിയിൽ നിന്നും ദിവസവേതനാടിസ്ഥാനത്തിൽ നിയമനം നടത്തുന്നു. ലാബ് അറ്റൻഡർ തസ്തികയ്ക്കുള്ള യോഗ്യത പത്താം ക്ലാസ് ജയിച്ചിരിക്കണം. ലാബിൽ ജോലി ചെയ്ത പരിചയമുള്ളവർക്ക് മുൻഗണന ലഭിക്കും.


### കോടതി പരസ്യം

**ബഹു. കുന്നംകുളം കുടുംബകോടതി മുമ്പാകെ**

GOP : 529/2024

മുഹമ്മദ് മുഫാസ്, 47 വയസ്, S/o മുഹമ്മദ്, വലിയകത്ത് വീട്, പി ഒ ചൂലൂർ, എടത്തിരുത്തി വില്ലേജ്, കൊടുങ്ങല്ലൂർ താലൂക്ക്, തൃശൂർ ജില്ല

-ഹരജിക്കാരൻ

1) നസറത്ത്, 37 വയസ്, D/o. സിദ്ദിഖ്, പുഴങ്ങരയില്ലത്ത് വീട്, വലപ്പാട് പി ഒ., ചാവക്കാട് താലൂക്ക്, തൃശൂർ ജില്ല, പിൻ-680567

2) സിദ്ധിക്ക്, 67 വയസ്, S/o. ആലി, പുഴങ്ങരയില്ലത്ത് വീട്, വലപ്പാട് പി ഒ., ചാവക്കാട് താലൂക്ക്, തൃശൂർ ജില്ല, പിൻ-680567

-എതൃകക്ഷികൾ

1) മൈനർ യൂസഫ്, 10 വയസ്, (ജനന തിയ്യതി: 06-03-2014)

2) മൈനർ ഉമ്മർ 3 വയസ്, (ജനന തിയ്യതി: 22-09-2021)

-ഹരജി മാർജിൻ മൈനർമാർ

മേൽ നമ്പർ കേസിൽ എതൃകക്ഷിക്കുള്ള നോട്ടീസ് പതിച്ചുനടത്തുവാൻ ഉത്തരവായി കേസ് **03-01-2025** തിയ്യതിക്ക് വെച്ചിട്ടുള്ള വിവരം ഇതിനാൽ അറിയിച്ചുകൊള്ളുന്നു. അന്നേദിവസം കാലത്ത് 11 മണിക്ക് നിങ്ങളോ അഡ്വക്കെറ്റോ കോടതിയിൽ ഹാജരാകാത്തപക്ഷം എക്സ്പാർട്ടി വിധിയാകുമെന്ന് ഇതിനാൽ അറിയിച്ചുകൊള്ളുന്നു.

എന്ന്, 24-10-2024

ഹരജിക്കാരൻഭാഗം അഡ്വക്കെറ്റ്

**സുധീഷ് വി നായർ** (ഒപ്പ്) കുന്നംകുളം